# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 മാർച്ച് 15

# വാർത്താക്കുറിപ്പ്

---

**'ചൈന – ഇന്ത്യ ബന്ധങ്ങൾ' രാജ്യാന്തര സമ്മേളനം തുടങ്ങി**

## ചൈനയുടെ ത്വരിത വളർച്ച മൂന്നു പതിറ്റാണ്ടത്തെ തന്ത്രപ്രധാന നയങ്ങളിലൂടെ: പ്രൊഫ. ശ്രീകാന്ത് കൊണ്ടപ്പള്ളി

മൂന്നു പതിറ്റാണ്ടായി സ്വീകരിച്ച തന്ത്രപ്രധാന നയങ്ങളാണ് ചൈനയുടെ ത്വരിതഗതിയിലുള്ള മുന്നേറ്റത്തിന്റെ അടിസ്ഥാനമെന്ന് ചൈന പഠന വിദഗ്ധനും ജവഹർലാൽനെഹ്റു സർവകലാശാലയിലെ ചൈനീസ്പഠന വിഭാഗം മേധാവിയുമായ പ്രൊഫ.ശ്രീകാന്ത് കൊണ്ടപ്പള്ളി. മഹാത്മാഗാന്ധി സർവകലാശാല ചൈനപഠനകേന്ദ്രവും രാജ്യാന്തരപഠന വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സും സംയുക്തമായി സർവകലാശാല കാമ്പസിൽ നടത്തിയ രാജ്യാന്തര സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

രാജ്യാന്തര വ്യാപാര ബന്ധങ്ങളിലൂടെ തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ചൈന നടത്തുന്ന വമ്പൻ രാജ്യാന്തര നിക്ഷേപങ്ങൾ സംരക്ഷിക്കുന്ന നിലയിൽ വിദേശനയം തന്ത്രപരമായി പരിവർത്തനപ്പെടുത്തി. വിദ്യാഭ്യാസം, കൃഷി, വ്യവസായം, പ്രതിരോധം എന്നീ മേഖലകളിൽ 40 വർഷം കൊണ്ട് നടത്തിയ പരിഷ്കാരങ്ങൾ ആഭ്യന്തര ഉൽപ്പാദന മേഖലയെ മാറ്റിമറിച്ചു. ഇന്ന് ലോകമെമ്പാടും മുപ്പത്താറായിരത്തിലധികം ചൈനീസ് കമ്പനികൾ പ്രവൃത്തിക്കുന്നുണ്ട്. ഇത്തരം നിക്ഷേപങ്ങൾ തന്നെയാണ് ചൈനയുടെ സമുദ്രാനന്തര തന്ത്രങ്ങളുടെ അടിസ്ഥാനം - കൊണ്ടപ്പള്ളി പറഞ്ഞു. ഇന്ത്യയും ചൈനയുമായി നിരവധി രാജ്യാന്തര വേദികളിൽ ഐക്യനിര രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉഭയകക്ഷി ബന്ധങ്ങളെ ബാധിക്കുന്ന തരത്തിൽ പുതിയ പ്രശ്നങ്ങൾ ഉരുത്തിരിയുന്നുണ്ട്. വർധിച്ചുവരുന്ന വ്യാപാരകമ്മിയും ഭീകരവാദത്തെ സംബന്ധിക്കുന്ന ചില വിഷയങ്ങളും വീണ്ടും സജീവമാകുന്നത് ഇതിനുദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു.

കോപ്പൻ ഹേഗൻ സർവകലാശാലയിലെ പ്രൊഫ. ബെർട്ടൽ ഹ്യലിൻ, സൺ യത് സെൻ സർവകലാശാലയിലെ പ്രൊഫ. ഹ്യയാങ് ഇങ്ഹോങ്, നേപ്പാൾ സെന്റർ ഫോർ പോളിസി സ്റ്റഡീസിലെ പ്രൊഫ. ഭാമ ദേവ് സിഗ്ഡെൽ, വുഹാൻ സർവകലാശാലയിലെ ലിയാങ് മെങ്, ഷാങ്ഹായ് സർവകലാശാലയിലെ രാജീവ് രഞ്ജൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു. പ്രൊഫ. കെ.എം. സീതി, ഡോ. മാത്യു കുര്യൻ, പ്രൊഫ. കരോരി സിംഗ്, ഡോ. സി.ആർ. പ്രമോദ്, ലോറൻസ് പ്രഭാകർ എന്നിവർ വിവിധ സെഷനുകളിൽ അധ്യക്ഷരായി.

വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ പ്രൊഫ. എ.എം. തോമസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, ചൈന പഠന കേന്ദ്രം ഡയറക്ടർ ഡോ. സി. വിനോദൻ, കെ.എസ്. ഗോകുൽ എന്നിവർ പ്രസംഗിച്ചു. രാജ്യാന്തര സമ്മേളനം ഇന്ന് (മാർച്ച് 16) സമാപിക്കും. ഉച്ച കഴിഞ്ഞ് രണ്ടിന് ജവാഹർലാൽ നെഹ്റു സർവകലാശാലയിലെ രാജ്യന്തര വിഭാഗം വിദഗ്ധൻ പ്രൊഫ. സ്വരൻസിംഗ് സമാപനപ്രസംഗം നടത്തും. ഡോ. കെ.എം. സീതി അധ്യക്ഷത വഹിക്കും. ഡോ. എം.വി. ബിജുലാൽ, വിന്നി ഡേവിസ് എന്നിവർ പങ്കെടുക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല ചൈനപഠനകേന്ദ്രവും രാജ്യാന്തരപഠന വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സും സംയുക്തമായി സർവകലാശാല കാമ്പസിൽ നടത്തിയ രാജ്യാന്തര സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**മഹാത്മാഗാന്ധി സർവകലാശാല ചൈനപഠനകേന്ദ്രവും രാജ്യാന്തരപഠന വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സും സംയുക്തമായി സർവകലാശാല കാമ്പസിൽ നടത്തിയ രാജ്യാന്തര സമ്മേളനത്തിൽ ചൈന പഠന വിദഗ്ധനും ജവഹർലാൽനെഹ്റു സർവകലാശാലയിലെ ചൈനീസ്പഠന വിഭാഗം മേധാവിയുമായ പ്രൊഫ.ശ്രീകാന്ത് കൊണ്ടപ്പള്ളി സംസാരിക്കുന്നു**

(PRO/39/510/2019)

### പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 27, 29 തീയതികളിൽ നടക്കും. പിഴയില്ലാതെ മാർച്ച് 18 വരെയും 500 രൂപ പിഴയോടെ 19 വരെയും 1000 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററൊന്നിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ (പരമാവധി സെമസ്റ്ററിന് 200 രൂപ) വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(PRO/39/511/2019)

### പരീക്ഷഫലം

2018 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 29 വരെ അപേക്ഷിക്കാം.

(PRO/39/512/2019)

2018 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 29 വരെ അപേക്ഷിക്കാം.

(PRO/39/513/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫൈറ്റോ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 29 വരെ അപേക്ഷിക്കാം.

(PRO/39/514/2019)

# "China set to augment its hard power and Soft power"

"Four decades of reform and opening up had catapulted China into the second largest economy and the second largest defence spender in the world, besides its appetite changed from strategic guidelines of Deng Xiaoping's 'keep a low profile' to that of 'accomplish something' under Xi Jinping," according to Srikanth Kondapalli, a leading China expert and Chairman, Centre for East Asian Studies, Jawaharlal Nehru University, New Delhi. He was delivering the keynote address at the two-day international conference on "Engaging Rising China: Strategic Options for Emerging India" organised by the Institute for Contemporary Chinese Studies (ICCS), Mahatma Gandhi University in collaboration with the School of International Relations and Politics (SIRP) of the university and the Institute of Parliamentary Affairs, Government of Kerala today.

Professor Kondapalli said that "China's rise has been a defining moment in the recent global history which was accomplished in just about four decades, compared to nearly a century and half by the United States before the Second World War." It "is

reflected in its hard and soft power increase and indicated by it becoming the second largest economy of over $13 trillion by 2018 contributed much by the manufacturing sector but changed recently with the service sector increasing its share of the GDP. China had also launched the Fourth Industrial Revolution in 2015 for a decade to materialize with cutting edge technologies like artificial intelligence, new energy vehicles, drones, robotics and others, although last year China has been silent on this aspect due to the concerns of the United States. China rise is also reflected in defence spending which has risen to more than $170 billion by 2019 – the second largest in the world after the US."

Professor Kondapalli noted that "the rise of China has necessitated India to re-adjust its policies with engagement policies as a dominant theme towards China in the past several decades. However, in economic relations, such an engagement policy is limited to basic and above-board economic interactions. However, with trade deficit increasing to nearly $700 billion in the last decade and half in favour of China, India has been lukewarm to Beijing's suggestions for a free trade area and concluding of Regional Comprehensive Economic Partnership agreement. Also, depending the health of the bilateral relations, there is a chance for change in the engagement policy towards status quo, balance of power or even containment policies." He also said that "to an extent, despite the long-term existence of engagement policies, there are several factors that affect the sustainable and irreversible process of engagement policies. Both India and China have formed into a "collective force" in the UN, SCO and others although differences persist on the UNSC or on terrorism issues that could threaten any unity between the two."

According to Bertel Heurlin, Jean Monnet Professor and Director of China Security Studies, University of Copenhagen, "India is on its way to be richer, freer, smarter, more equal, more secure, just and more regulated" in the coming years. India is also "taking serious regional responsibility and increasing global responsibility" while being "a growing military power." He said that "India's strategic culture is in tune with the current world order incitement to avoid war." Further, "in tune with the fundamental claim that states still matter, but that the states that matter most are states which are including differing religions, cultures, languages, ethnic and national groupings and identities and still are acting as one unit, India is a world model," he noted.

Dr. Huang Yinghong, Sun Yat-Sen University, China, Dr. Bama Dev Sigdel, Center for Policy Studies, Nepal, Liang MENG, Wuhan University, China, Kmala Kumari, Jawaharlal Nehru University, Prakash Raj, University of Hyderabad, Xiaochao Zhu, Wuhan University, China, Kush Kumar Gayasen, University of Delhi, Pankaj Jha, Jindal School of International Affairs, W. Lawrence S. Prabhakar, Madras Christian College, Chennai, Rajiv Ranjan, Shanghai University, China, Vivek Mishra, Netaji Institute for Asian Studies, Kolkata, Nishant Bhardwaj, University of Delhi, and others made presentations in different panels.

Dr. Sabu Thomas Vice Chancellor of MGU inaugurated the Conference. Adv. PK Harikumar, Member Syndicate also participated in the session. Dr. AM Thomas, Director, SIRP chaired and Dr. C.Vinodan, Director, ICCS welcomed the session. K.M. Seethi, Dean of Social Sciences and others chaired in different academic panels.

The Conference will continue on Saturday. Swaran Sing, Professor of International Studies, Jawaharlal Nehru University will deliver the valedictory address at 2 PM on 16 March.

(PRO/39/515/2019)

**A. Arun Kumar**
Public Relations Officer